വിയർപ്പാറ്റി — വിയർപ്പ് ആറ്റി
തള്ളിയിട്ട് — തള്ളി ഇട്ട്
ഓടിയൊളിച്ച് — ഓടി ഒളിച്ച്
തപ്പിത്തടഞ്ഞ് — തപ്പി തടഞ്ഞ്

## വികസിപ്പിച്ചെഴുതാം

ദീർഘശ്വാസം — ദീർഘമായ ശ്വാസം

മേൽവിലാസം — കത്തു ചെന്നെത്തേണ്ട ആളുടെ പേരുവിവരം, ഒരാൾ അറിയപ്പെടുന്ന പേരുവിവരം

കമാനാകൃതിയിൽ — കമാനത്തിന്റെ ആകൃതിയിൽ

ചൂരൽക്കസേര — ചൂരൽകൊണ്ടു നിർമ്മിച്ച കസേര

## വാക്യത്തിലാക്കാം

അഴിമതി അരോപണങ്ങളിൽനിന്ന് സർക്കാർ ഓടിയൊളിക്കുകയാണെന്ന് പ്രതിപക്ഷം ആരോപിച്ചു.

കൊടുംചൂടിന് അറുതിവരുത്തിക്കൊണ്ട് അപ്രതീക്ഷിതമായി പെയ്ത മഴ ആശ്വാസകരമായി.

## കണ്ടെത്താം എഴുതാം

1. *അമ്മയോടുള്ള മകന്റെ കരുതലാണോ, തന്നെ കഷ്ടപ്പെട്ടുവളർത്തി പഠിപ്പിച്ച് ജോലിക്കാരനാക്കിയിട്ടും വയസ്സുകാലത്ത് സംരക്ഷിക്കാൻ കഴിയാത്തതിലുള്ള പശ്ചാത്താപമാണോ കോര ഫിലിപ്പ് ജോണിനെ ഇത്തരം ഒരു കത്തെഴുതാൻ പ്രേരിപ്പിക്കുന്നത് — ഈ വിഷയത്തെക്കുറിച്ച് ക്ലാസ്സിൽ ഒരു ചർച്ച സംഘടിപ്പിക്കുക. ചർച്ചാക്കുറിപ്പും തയ്യാറാക്കണം.*

   അമ്മയോടുള്ള ഒരു മകന്റെ കരുതൽ എന്നാണ് ഈ പരസ്യം വായിക്കുന്ന ഇന്നത്തെ തലമുറയുടെ വിചാരം. എന്നാൽ മാതൃ പരിചരണമെന്ന ബാദ്ധ്യത ഒഴിവാക്കാനായി ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞുമാറാനുള്ള ശ്രമമാണ് ഈ പരസ്യം എന്നതാണ് സത്യം.

   മറ്റൊരു അഭിപ്രായം — തിരക്കുപിടിച്ച ജീവിതത്തിനിടയ്ക്ക് മക്കൾക്കു മാതാപിതാക്കളെ പരിചരിക്കാൻ നേരമുണ്ടാകുകയില്ല.

അതിനായി തങ്ങളുടെ അദ്ധ്വാനത്തിന്റെ പങ്കു മാറ്റിവയ്ക്കുന്നു എന്നാണ് പുത്തൻ തലമുറയുടെ അഭിപ്രായം. കോര ഫിലിപ്പിന്റെ പത്രപ്പരസ്യവും കത്തും അമ്മയോടുള്ള തന്റെ കർത്തവ്യം നിർവ്വഹിക്കാനാവാത്തതിനുള്ള പശ്ചാത്താപമാണ്. അമ്മയോടും അമ്മയോടു കൂറില്ലാത്ത ഭാര്യയുടെയും ബാദ്ധ്യത നിർവ്വഹിക്കുക. അലോസരതയിൽനിന്നുമുളള രക്ഷപ്പെടീൽകൂടിയാണ് ഇത്. ബിസിനസ്സ് തന്ത്രത്തിൽ പുലരുന്ന ഒരു സമൂഹത്തിൽ വൃദ്ധപരിചണവും ഒരു ലാഭകരമായ പദ്ധതിയാണ്. മക്കളുടെ സ്നേഹവും ശ്രദ്ധാപൂർവ്വമായ സാന്നിദ്ധ്യവുമാണ് മാതാപിതാക്കൾ തങ്ങളുടെ വാർദ്ധക്യകാലത്ത് പ്രതീക്ഷിക്കുന്നത്.

2. *ആനി വർക്കി ഹോം നഴ്സായി നിയമിക്കപ്പെട്ടാൽ അവരും എലിസബത്ത് കോര ഫിലിപ്പ് എന്ന വൃദ്ധയും തമ്മിൽ നടക്കാനിടയുള്ള ആദ്യദിവസത്തെ സംഭാഷണം സങ്കല്പിച്ചെഴുതുക.*

വൃദ്ധ – നീ എന്തിനാണ് ഈ ജോലിഭാരം ഏറ്റെടുത്തത്.

ആനി വർക്കി – ഞാനൊരു ഹോം നേഴ്സാണ്. അത് എന്റെ ജോലിയാണ്.

വൃദ്ധ – നിനക്ക് അപ്പനും അമ്മയും ഉണ്ടോ?

ആനി – ഉണ്ട്.

വൃദ്ധ – അവർ എന്നെപ്പോലെ പ്രായമായവരാണോ?

ആനി – അതെ.

വൃദ്ധ – അപ്പോൾ അവരെ ആരു നോക്കും?

ആനി – ആരുമില്ല.

വൃദ്ധ – അപ്പോൾ അവർ?

ആനി – ഞാനിവിടെ നിന്നില്ലെങ്കിൽ അവർക്കു പട്ടിണി കിടക്കേണ്ടിവരും...

വൃദ്ധ – നിന്റെ ഗതികേടുകൊണ്ടിറങ്ങിയതാണ്, അല്ലേ?

ആനി – അതെ. എന്റെ മാതാപിതാക്കൾ പട്ടിണി കിടക്കാതിരിക്കാൻ.

വൃദ്ധ – ആട്ടെ, നീ എനിക്കെന്തെല്ലാം തരും?

ആനി – കരാറിലുള്ളതെല്ലാം.

വൃദ്ധ – എന്താണ് കരാർ?

ആനി – (അവർ വൃദ്ധയെ പുണരുന്നു) ദേ, ഈ ഉമ്മവരെ കരാറിലുള്ളതും അമ്മച്ചിയുടെ മക്കൾക്കുവേണ്ടിയുള്ളതുമാണ്.

വൃദ്ധ – ഈ ഉമ്മയ്ക്ക് നീ എത്രയാണ് ചാർജ്ജിട്ടിരിക്കുന്നത്?

ആനി – എല്ലാത്തിനുംകൂടി 3000 രൂപ.

വൃദ്ധ – ഇതുകൊണ്ട് ഒരുമ്മ നിനക്കവിടെ നിന്റെ മാതാപിതാക്കൾക്ക് ഏർപ്പെടുത്താനാവുമോ?

ആനി – ആവില്ല. അവർക്ക് അങ്ങനെയൊരു ഭാഗ്യവും ഇല്ല.

വൃദ്ധ – നീ കരാറിലുള്ള ഉമ്മ മാത്രമേ നല്കുകയുള്ളോ? ഒരെണ്ണം അധികം എന്റെ മകളായി തന്നുകൂടേ...?